# സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

**ജവഹർ സഹകരണ ഭവൻ ,ഡി.പി.ഐ ജംഗ്ഷൻ**
**തൈക്കാട് പി.ഒ. വഴുതക്കാട് ,തിരുവനന്തപുരം 695 014**

ഫോൺ :0471-2468690,2468670

വിജ്ഞാപനം: 12/2024

വിജ്ഞാപന തിയ്യതി: 25-11-2024 അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 10-01-2025

താഴെപ്പറയുന്ന സഹകരണ സംഘം/ ബാങ്കുകളിൽ ഒഴിവുള്ള തസ്തികകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**നിയമന രീതി:** നേരിട്ടുള്ള നിയമനം. പരീക്ഷാബോർഡ് നടത്തുന്ന ഓൺലൈൻ പരീക്ഷയുടെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ പരീക്ഷ ബോർഡ് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം.

**നിയമന അധികാരി :** ബന്ധപ്പെട്ട സഹകരണ സംഘം / ബാങ്കുകൾ

**അപേക്ഷ സമർപ്പിക്കൽ:** ഒറ്റത്തവണ രെജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രെജിസ്ട്രേഷൻ പൂർത്തിയാക്കിയതിനു ശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി പരീക്ഷ ബോർഡിൻറെ വെബ്സൈറ്റിലൂടെ (www.cseb.kerala.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**കാറ്റഗറി നമ്പർ: 12/2024 ( അസിസ്റ്റൻറ് സെക്രട്ടറി/ചീഫ് അക്കൗണ്ടൻറ്/അക്കൗണ്ടന്റ്/ഇൻറേർണൽ ഓഡിറ്റർ )**

**വിദ്യാഭ്യാസ യോഗ്യത :**

R. 186(1)(ia) സഹകരണ നിയമത്തിന് വിധേയം. (i) എല്ലാ വിഷയങ്ങൾക്കും ചേർത്ത് 50% മാർക്കിൽ കുറയാതെ ലഭിച്ച ഒരു അംഗീകൃത സർവ്വകലാശാല ബിരുദവും: സഹകരണഹയർ ഡിപ്ലോമയും (കേരള സംസ്ഥാന സഹകരണ യൂണിയന്റെ എച്ച്.ഡി.സി അല്ലെങ്കിൽ എച്ച്.ഡി.സി & ബി.എം അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ എച്ച്.ഡി.സി അല്ലെങ്കിൽ എച്ച്.ഡി.സി.എം) അല്ലെങ്കിൽ വിജയകരമായി പൂർത്തിയാക്കിയ സബോർഡിനേറ്റ് പേഴ്സണൽ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (ജൂനിയർ ഡിപ്ലോമാ ഇൻ കോ-ഓപ്പറേഷൻ) അല്ലെങ്കിൽ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ബി.എസ്.സി/എം.എസ്.സി (സഹകരണം & ബാങ്കിങ്ങ്) അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചതും സഹകരണം ഐശ്ചികമായിട്ടുള്ളതുമായ എല്ലാ വിഷയങ്ങൾക്കും 50% മാർക്കിൽ കുറയാത്ത ബി.കോം ബിരുദം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ഒഴിവുകളുടെ എണ്ണം & ശമ്പള സ്കെയിൽ |
|---|---|---|
| 1 | കിഴുവിലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ2405,<br>തിരുവനന്തപുരം,Pin:695304<br>Phone:04702640285 | ഇൻറേർണൽ ഓഡിറ്റർ- 1<br>(ജനറൽ)<br>Rs:27250 - 65080 (Scale of Pay) |
| 2 | കിഴുവിലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ2405,<br>തിരുവനന്തപുരം,Pin:695304<br>Phone:04702640285 | ചീഫ് അക്കൗണ്ടൻറ്- 1<br>(ജനറൽ)<br>Rs:28000 - 66470 (Scale of Pay) |
| 3 | കിഴുവിലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ2405,<br>തിരുവനന്തപുരം,Pin:695304<br>Phone:04702640285 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:28000 - 66470 (Scale of Pay) |
| 4 | ശൂരനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം1136,<br>കൊല്ലം,Pin:690522<br>Phone:6235364616 | അക്കൗണ്ടന്റ്- 1<br>(ജനറൽ)<br>Rs:14690 - 38790 (Scale of Pay) |
| 5 | ദി മൂന്നാർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം। 209,<br>ഇടുക്കി,Pin:685612<br>Phone:04865230415 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:28000 - 66470 (Scale of Pay) |

| | | |
|---|---|---|
| 6 | ഫാക്ട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ്E 663,<br>എറണാകുളം,Pin:683501<br>Phone:04842567653 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:28000 – 66470 (Scale of Pay) |
| 7 | ചാലക്കുടി താലൂക്ക് പ്രൈമറി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തംR 1452,<br>തൃശ്ശൂർ,Pin:680307<br>Phone:04802701384 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:37250 – 73700 (Scale of Pay) |
| 8 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തംP 671,<br>പാലക്കാട്,Pin:678014<br>Phone:04912526135 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:28000 – 66470 (Scale of Pay) |
| 9 | ആനക്കയം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർF 880,<br>മലപ്പുറം,Pin:676509<br>Phone:04832848535 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:23310 – 57340 (Scale of Pay) |
| 10 | ആനക്കയം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർF 880,<br>മലപ്പുറം,Pin:676509<br>Phone:04832848535 | ഇൻറെർണൽ ഓഡിറ്റർ- 1<br>(ജനറൽ)<br>Rs:22720 – 56050 (Scale of Pay) |
| 11 | ചെലവൂർ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നംF 1513,<br>കോഴിക്കോട്,Pin:673571<br>Phone:04952730756 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:25910 – 62500 (Scale of Pay) |
| 12 | അഴിയൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി.നം7893,<br>കോഴിക്കോട്,Pin:673309<br>Phone:04962500344 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:23310 – 57340 (Scale of Pay) |
| 13 | വൈത്തിരി പ്രൈമറി സഹകരണ അഗ്രിക്കൾച്ചറൽ റൂറൽ ഡെവലപ്മെന്റ് ബാങ്ക്W 32,<br>വയനാട്,Pin:673121<br>Phone:04936205481 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:37250 – 73700 (Scale of Pay) |
| 14 | ബേഡഡുക്ക ഫാർമേർസ് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തംFF92,<br>കാസർഗോഡ്,Pin:671541<br>Phone:04994210233 | ചീഫ് അക്കൗണ്ടൻറ്- 1<br>(ജനറൽ)<br>Rs:28000 – 66470 (Scale of Pay) |
| 15 | പെർള സർവീസ് സഹകരണ ബാങ്ക് ക്ലിപ്തംC 3377,<br>കാസർഗോഡ്,Pin:671552<br>Phone:04998225062 | ചീഫ് അക്കൗണ്ടൻറ്- 1<br>(ജനറൽ)<br>Rs:28000 – 66470 (Scale of Pay) |

1 പ്രായപരിധി 1/1/2024 ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാൽപ്പത്) വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചുവർഷത്തെ ഇളവ് അനുവദിക്കുന്നുണ്ട് . കൂടാതെ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുതിർന്ന വ്യക്തിക്കോ അവരുടെ അപ്രകാരമുള്ള മുതിർന്ന അംഗം മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ കുട്ടികൾക്കോ ഉയർന്ന പ്രായപരിധിയിൽ അഞ്ചു വർഷത്തെ ഇളവും, മറ്റു പിന്നോക്കവിഭാഗത്തിനും വിമുക്ത ഭടന്മാർക്കും പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങൾക്കും (EWS) മൂന്നു വർഷത്തെ ഇളവും, ഭിന്നശേഷിക്കാർക്ക് പത്ത് വർഷത്തെ ഇളവും, വിധവകൾക്ക് അഞ്ച് വർഷത്തെ ഇളവും ലഭിക്കുന്നതാണ്.

2 സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന ഓൺലൈൻ പരീക്ഷ 80 മാർക്കിനാണ്. ഒരു സംഘം / ബാങ്കിന്റെ യോഗ്യത ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥിയ്ക്ക് പ്രസ്തുത സംഘത്തിലെ അഭിമുഖം പരമാവധി 15 മാർക്കിന് ആയിരിക്കും. ആയതിൽ അഭിമുഖത്തിന് ഹാജരായാൽ മിനിമം 3 മാർക്ക് ലഭിക്കുന്നതാണ് . ബാക്കി 12 മാർക്ക് അഭിമുഖത്തിന്റെ പ്രകടനത്തിനുമാണ്.

3 ഉദ്യോഗാർത്ഥികൾ പരീക്ഷ ഫീസിനോടൊപ്പം സർക്കാരിന്റെ 13/08/2024 ലെ സ.ഉ.(കൈ).നം.17/2024/സഹ ഉത്തരവ് പ്രകാരമുള്ള 18% GST കൂടി അടക്കേണ്ടതാണ്.

4 ഉദ്യോഗാർത്ഥികൾക്ക് ഒന്നിൽ കൂടുതൽ സംഘം / ബാങ്കുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. പൊതു വിഭാഗക്കാർക്കും , വയസ്സ് ഇളവ് ലഭിക്കുന്നവർ ഉൾപ്പെടെ ഉള്ളവർക്കും ( സഹകരണ ചട്ടം 183(1) പ്രകാരം ഒരു സംഘം / ബാങ്കിന് 150 രൂപയും , തുടർന്നുള്ള ഓരോ സംഘം /ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് അപേക്ഷയിലെ സംഘം / ബാങ്കിന് 50 രൂപയും തുടർന്നുള്ള ഓരോ സംഘം / ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം.**ഉദ്യോഗാർത്ഥികൾ സഹകരണ സർവീസ് പരീക്ഷ ബോർഡിൻറെ വെബ്സൈറ്റ് (www.keralacseb.kerala.gov.in) പരിശോധിച്ച് വിജ്ഞാപനം വായിച്ചുനോക്കിയതിനു ശേഷം ഓൺലൈൻ അപേക്ഷ സമർപ്പിക്കുക. തപാൽ മുഖേന അയക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല.**

5 ഉദ്യോഗാർത്ഥികൾ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ പരീക്ഷ ഫീസ് ഒറ്റത്തവണ അടച്ചതിനുശേഷം സാങ്കേതിക തകരാറുമൂലം അക്കൗണ്ടിൽ നിന്നും ക്യാഷ് പോകുകയും, അപേക്ഷ പൂർണമാകാതെയും വരുന്ന സാഹചര്യത്തിൽ സഹകരണ സർവീസ് പരീക്ഷ ബോർഡിൽ ബന്ധപ്പെട്ട് നിർദേശം ലഭിച്ചതിനു ശേഷം മാത്രമേ വീണ്ടും ഫീസ് അടക്കാൻ പാടുള്ളൂ.

6 ഉദ്യോഗാർത്ഥികൾ ഓൺലൈൻ ആയി വിജ്ഞാപനപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ My Application നിന്നും അപേക്ഷ Print എടുത്തു സൂക്ഷിക്കേണ്ടതാണ്.

7 വിദ്യാഭ്യാസ യോഗ്യത : അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതിയ്ക്കു മുൻപായി നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8 സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് 3 % പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 14/07/2011 ലെ 54 / 2011 – ം നമ്പർ സർക്കുലറും, പ്രസ്തുത സർക്കുലറിന്റെ അനുബന്ധത്തിൽ മാറ്റം വരുത്തിക്കൊണ്ട് 24/01/2020 ലെ 8/ 2020 – ം നമ്പർ സർക്കുലർ പ്രകാരവും ഒഴിവു നികത്തുന്നതായിരിക്കും. സഹകരണ സംഘം / ബാങ്കുകളിൽ ജീവനക്കാരുടെ എണ്ണം നൂറോ അതിൽ കൂടുതലോ ആണെങ്കിൽ 100 വീതം എടുത്ത് 33,66,99 എന്നീ ക്രമ നമ്പറുകളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്കു നിയമനം നൽകികൊണ്ട് 3% സംവരണം പാലിക്കുന്നതാണ്.

9 അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി: 10-01-2025

സഹകരണ സർവീസ് പരീക്ഷാ ബോർഡിനു വേണ്ടി ,

റ്റി . സുരേഷ് കുമാർ

സെക്രട്ടറി

സഹകരണ സർവീസ് പരീക്ഷാ ബോർഡ്

തിരുവനന്തപുരം

സ്ഥലം : തിരുവനന്തപുരം

തീയതി : **25-11-2024**